എസ്.എ ജലീൽ

# ജനങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുക

عَن ابن عَبَّاس رَضِيَ الله عَنْهُ عَنِ النَّبِيّ ﷺ أَنَّهُ حِينَ تَحَدّث عَنْ قَوْم يَدْخُلُون الجَنّة بلا حِسَاب وَلاَ عَذَابِ ، فَقَامَ عَكَاشَة بن محصن فَقَالَ : ادْعُ الله أنْ يَجْعَلَنِي مِنْهُم. فَقَالَ : أَنْتَ مِنْهُم. ثُمَّ قَامَ رَجُلٌ آخَر فَقَالَ: ادع الله أَن يَجْعَلَنِي مِنْهُمْ. فَقَالَ : سَبَقَكَ بِهَا عكَاشَة.

**ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. ശിക്ഷയോ വിചാരണയോ ഇല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന ഒരു വിഭാഗത്തെക്കുറിച്ച് റസൂൽ ഒരിക്കൽ സംസാരിക്കുകയായിരുന്നു. റസൂലേ, ആ വിഭാഗത്തിൽ എന്നെ ഉൾപ്പെടുത്താൻ താങ്കൾ പ്രാർഥിക്കണമെന്ന് ഉക്കാശത്തു ബ്നു മുഹ്സ്വിൻ (റ) നബി(സ)യോടപ്പോൾ ആവശ്യപ്പെട്ടു. 'താങ്കൾ ആ വിഭാഗത്തിലാണ്.' നബി(സ)യുടെ മറുപടി. മറ്റൊരാൾ ഇതേ ആവശ്യമുന്നയിച്ചു.റസൂൽ (സ) പറഞ്ഞു: 'ഉക്കാശ താങ്കൾക്കു മുമ്പേ ആ വിഭാഗത്തിലെത്തിയിരിക്കുന്നു'** (ബുഖാരി)

**പൊതുസമൂഹത്തിൽ** വിശ്വാസി സമൂഹം ഇടപെടുമ്പോൾ സ്വീകരിക്കേ ഉദാത്തമായൊരു സമീപന രീതി പഠിപ്പിക്കുകയാണ് റസൂൽ (സ) ഇവിടെ. ജനങ്ങളുടെ മാനസികാവസ്ഥ പരിഗണിച്ചും ഏറ്റം നല്ല രീതിയിൽ അവരോട് സഹവസിച്ചും പെരുമാറാനാണ് വിശ്വാസി തയാറാവേത്.

മുകളിലുദ്ധരിച്ച ഹദീസിന് അനുബന്ധമായി ഖാദി ഇയാദ് എഴുതുന്നു: “രാമത്തെ ആ മനുഷ്യൻ പ്രസ്തുത ശ്രേഷ്ട വിഭാഗത്തിൽ ഉൾപ്പെട്ട ആളായിരുന്നില്ല. മുനാഫിഖാണെന്നും പറയപ്പെടുന്നു. അതുകൊാണ് നബി(സ), നീയും ചിലപ്പോൾ ഉൾപ്പെട്ടേക്കാം എന്നർഥത്തിൽ ‘ഉക്കാശ നിനക്കു മുമ്പേ ആ വിഭാഗത്തിലെത്തി’ എന്ന് വ്യംഗ്യമായി പറഞ്ഞത്. “ഏയ്, നീ അതിനു യോഗ്യനല്ല” എന്നു തറപ്പിച്ചു പറയാതെ ആ മനുഷ്യനോടു എറ്റവും നല്ല രീതിയിൽ മറുപടി പറയുകയായിരുന്നു നബി(സ).”

ജനങ്ങളെ കേൾക്കാനും അതിനു സമയം കത്തൊനും സത്യവിശ്വാസി ബാധ്യസ്ഥനാണ്. തന്റെ നിർബന്ധ കർത്തവ്യങ്ങൾ മാറ്റിവെച്ചായാലും ഇത്തരം സമീപന രീതി കൈകൊള്ളുന്നത് അയാളിൽ ജനങ്ങൾക്ക് മതിപ്പ് വർധിപ്പിക്കുകയേയുള്ളൂ. ആഇശ(റ) നിവേദനം ചെയ്യുന്ന മറ്റൊരു ഹദീസ് ഇങ്ങനെ: ഒരാൾ നബി(സ)യോട് ചിലത് സംസാരിക്കാൻ അനുമതി തേടി. അയാളെ കപ്പോൾ നബി(സ) പറഞ്ഞു: ‘സന്ദർശകൻ എത്ര മോശക്കാരൻ’ (ഇയാൾ അന്നേവരെ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. സ്വീകരിച്ചപ്പോഴും അയാളുടെ ഈമാൻ ദുർബലമായിരുന്നു എന്ന് നബിയുടെ ഈ പ്രസ്താവനയെ വിശദീകരിച്ചിരിക്കുന്നു). എന്നാൽ പിന്നീട് നബി(സ) അയാളോടൊത്തിരുന്ന് പുഞ്ചിരിച്ചുകൊ് സംസാരിക്കാൻ തുടങ്ങി. അയാൾ പോയപ്പോൾ ആഇശ(റ) ചോദിച്ചു : ‘റസൂലേ, അയാൾ വന്നപ്പോൾ ഇന്നയിന്ന കാര്യങ്ങൾ അയാളെക്കുറിച്ച് താങ്കൾ പറഞ്ഞല്ലോ. പിന്നീട് പുഞ്ചിരിയോടെ വർത്തമാനം പറയുകയും ചെയ്തു!’ “ആഇശാ, ഒരു മോശക്കാരനായിട്ടല്ലല്ലോ എന്നെ നിനക്ക് അനുഭവപ്പെടുന്നത്. തീർച്ചയായും അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ ഏറ്റം മ്ലേഛമായ സ്ഥാനം ലഭിക്കുന്നവൻ ജനങ്ങളുടെ ശല്യം ഭയന്ന് അവരോടു സഹവസിക്കാത്തവനാണ്.”

തെറ്റുകാരോട് സ്വീകരിക്കുന്ന നടപടിയിലും അവധാനത കാണിച്ച മാതൃകയാണ് റസൂലി(സ)ൽ നിന്ന് വിശ്വാസിസമൂഹത്തിന് പഠിക്കാനുള്ളത്. പള്ളിയിൽ മൂത്രമൊഴിച്ച അനറബിയെ ശകാരിക്കാൻ ചെന്നവരോട് റസൂൽ പറഞ്ഞ മറുപടി നാം ഓർക്കേതാണ്: “അയാളെ വിട്ടേക്കുക. നിങ്ങൾ ആ മൂത്രത്തിൽ കുറച്ചു വെള്ളം ഒഴിക്കുക. എളുപ്പമാക്കുന്നവരായാണ് നിങ്ങൾ നിയോഗിക്കപ്പെട്ടത്; പ്രയാസപ്പെടുത്തുന്നവരായല്ല.” പിന്നീട് ആ അനറബിയെ അടുത്തു വിളിച്ച് ഉപദേശിക്കുകയും ചെയ്തു: “പള്ളികൾ വൃത്തികേടാക്കാവതല്ല. അവ നമസ്കാരത്തിനും ഖുർആൻ പാരായണത്തിനുമുള്ളതാണ്.” അഥവാ ഉപദേശമാണ് വേത്; പരസ്യമായല്ലാതെ, രഹസ്യമായി. പരസ്യമായ ഉപദേശം ചിലപ്പോൾ വിപരീത ഫലമാണുാക്കുക. ശാഫിഈ(റ)യുടെ ഒരു വചനമിങ്ങനെ: “തന്റെ സഹോദരനെ രഹസ്യമായി ഉപദേശിച്ചവനാണ് അവനെ നന്മയുള്ളവനാക്കിയത്. പരസ്യമായി അതു ചെയ്തവൻ സഹോദരനെ മോശക്കാരനുമാക്കി.” ചുരുക്കത്തിൽ, ഗുണം കാംക്ഷിച്ചുകൊള്ള ഉപദേശനിർദേശങ്ങൾക്കേ, സുഹൃത്തിനു അപരനിൽ മതിപ്പുാക്കാനാവൂ. ●